**എ.വൈ.ആർ**


## സൂറഃ-9

# അത്തൗബ

**88.** എന്നാൽ, ദൈവദൂതനും അദ്ദേഹത്തോടൊപ്പം നിഷ്കളങ്കമായി വിശ്വസിച്ചവരും ധനംകൊണ്ടും ദേഹംകൊണ്ടും ധർമസമരത്തിലേർപ്പെട്ടു. അവർക്കുള്ളതല്ലോ സകല നന്മകളും. അക്കൂട്ടർ തന്നെയാകുന്നു വിജയംവരിച്ചവരും.

**89.** താഴ്ഭാഗങ്ങളിലൂടെ ആറുകളൊഴുകുന്ന ആരാമങ്ങൾ അല്ലാഹു അവർക്കായി ഒരുക്കിവെച്ചിരിക്കുന്നു. അവരതിൽ നിത്യവാസികളായിരിക്കും. അതത്രെ മഹത്തായ നേട്ടം.

**90.** ഗ്രാമീണ അറബികളിലും വളരെപ്പേർ ധർമസമരത്തിൽനിന്ന് മാറിനിൽക്കാൻ അനുവാദത്തിനുവേണ്ടി പലവക ഒഴികഴിവുകളുമായി വന്നുവല്ലോ. അല്ലാഹുവിനോടും അവന്റെ ദൂതനോടും കള്ളംപറഞ്ഞ അക്കൂട്ടർ സ്വഭവനങ്ങളിൽ കുത്തിയിരുന്നു. ഈ ഗ്രാമീണരിൽ ധർമധിക്കാരികളായവരെ അടുത്ത ഭാവിയിൽ വേദനയേറിയ ശിക്ഷ ബാധിക്കുന്നതാകുന്നു.

91. ബലഹീനരും രോഗികളും വഴിച്ചെലവിനു വകയില്ലാത്തവരും സമരത്തിൽ പങ്കെടുക്കാത്തതിൽ കുറ്റമില്ലാത്തതാകുന്നു; അവർ അല്ലാഹുവിനോടും അവന്റെ ദൂതനോടും ആത്മാർഥമായ കൂറുള്ളവരാണെങ്കിൽ. ഇത്തരം സുകൃതരെ കുറ്റപ്പെടുത്താൻ യാതൊരു ന്യായവുമില്ല. അല്ലാഹു ഏറെ പൊറുക്കുന്നവനും ദയാമയനുമല്ലോ.

**92.** ഞങ്ങൾക്കു വാഹനം തരേണമേ എന്ന് നിന്നോടു വന്നപേക്ഷിച്ചപ്പോൾ, നിങ്ങൾക്ക് വാഹനം ഏർപ്പെടുത്താൻ എനിക്കാവില്ലല്ലോ എന്ന് പറഞ്ഞതുകേട്ട് പിന്മാറിയവരിലും കുറ്റമില്ല. അപ്പോൾ സ്വന്തംചെലവിൽ സമരത്തിനു പോകാൻ കഴിയാത്തതിലുള്ള ദുഃഖത്താൽ അവരുടെ നയനങ്ങൾ വഴിഞ്ഞൊഴുകുന്നുണ്ടായിരുന്നു.

لَٰكِنِ ٱلرَّسُولُ وَٱلَّذِينَ ءَامَنُوا۟ مَعَهُۥ جَٰهَدُوا۟ بِأَمْوَٰلِهِمْ وَأَنفُسِهِمْ ۚ
وَأُو۟لَٰٓئِكَ لَهُمُ ٱلْخَيْرَٰتُ ۖ وَأُو۟لَٰٓئِكَ هُمُ ٱلْمُفْلِحُونَ ﴿٨٨﴾
أَعَدَّ ٱللَّهُ لَهُمْ جَنَّٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَٰرُ خَٰلِدِينَ
فِيهَا ۚ ذَٰلِكَ ٱلْفَوْزُ ٱلْعَظِيمُ ﴿٨٩﴾
وَجَآءَ ٱلْمُعَذِّرُونَ مِنَ ٱلْأَعْرَابِ لِيُؤْذَنَ لَهُمْ وَقَعَدَ ٱلَّذِينَ
كَذَبُوا۟ ٱللَّهَ وَرَسُولَهُۥ ۚ سَيُصِيبُ ٱلَّذِينَ كَفَرُوا۟ مِنْهُمْ
عَذَابٌ أَلِيمٌ ﴿٩٠﴾
لَّيْسَ عَلَى ٱلضُّعَفَآءِ وَلَا عَلَى ٱلْمَرْضَىٰ وَلَا عَلَى ٱلَّذِينَ لَا يَجِدُونَ مَا
يُنفِقُونَ حَرَجٌ إِذَا نَصَحُوا۟ لِلَّهِ وَرَسُولِهِۦ ۚ مَا عَلَى ٱلْمُحْسِنِينَ مِن سَبِيلٍ ۚ
وَٱللَّهُ غَفُورٌ رَّحِيمٌ ﴿٩١﴾
وَلَا عَلَى ٱلَّذِينَ إِذَا مَآ أَتَوْكَ لِتَحْمِلَهُمْ قُلْتَ لَآ
أَجِدُ مَآ أَحْمِلُكُمْ عَلَيْهِ تَوَلَّوا۟ وَّأَعْيُنُهُمْ تَفِيضُ مِنَ ٱلدَّمْعِ حَزَنًا أَلَّا
يَجِدُوا۟ مَا يُنفِقُونَ ﴿٩٢﴾

لَـٰكِنِ ٱلرَّسُولُ = പക്ഷേ (എന്നാൽ) ദൈവദൂതൻ وَٱلَّذِينَ ءَامَنُوا۟ مَعَهُۥ = അദ്ദേഹത്തോടൊപ്പം (നിഷ്കളങ്കമായി) വിശ്വസിച്ചവരും

جَـٰهَدُوا۟ = അവർ സമരത്തിലേർപ്പെട്ടു بِأَمْوَٰلِهِمْ = അവരുടെ ധനംകൊണ്ട് وَأَنفُسِهِمْ = അവരുടെ ദേഹംകൊണ്ടും وَأُو۟لَـٰٓئِكَ = അക്കൂട്ടർ

لَهُمُ = അവർക്കുള്ളതല്ലോ ٱلْخَيْرَٰتُ = (സകല) നന്മകളും وَأُو۟لَـٰٓئِكَ = അക്കൂട്ടർ هُمُ = അവർ തന്നെയാകുന്നു ٱلْمُفْلِحُونَ = വിജയംവരിച്ചവരും

أَعَدَّ ٱللَّهُ لَهُمْ = അല്ലാഹു അവർക്ക് ഒരുക്കിവെച്ചിരിക്കുന്നു جَنَّـٰتٍ = ആരാമങ്ങൾ تَجْرِى = ഒഴുകിക്കൊണ്ടിരിക്കുന്നു(ന്ന)

مِن تَحْتِهَا = അവക്കു താഴെ (താഴ്ഭാഗങ്ങളിലൂടെ) ٱلْأَنْهَـٰرُ = ആറുകൾ خَـٰلِدِينَ فِيهَا = അവർ അതിൽ നിത്യവാസികളാ(യിരിക്കും)യ നിലയിൽ

ذَٰلِكَ = അതത്രെ ٱلْفَوْزُ = നേട്ടം, ജയം ٱلْعَظِيمُ = മഹത്തായ وَجَآءَ = വന്നു(വല്ലോ) ٱلْمُعَذِّرُونَ = (പലവക) ഒഴികഴിവ്(കളുമായി) പറയുന്നവർ

مِنَ ٱلْأَعْرَابِ = ഗ്രാമീണ അറബികളിൽനിന്ന് (വളരെപ്പേർ)

لِيُؤْذَنَ لَهُمْ = അവർ അനുവദിക്കപ്പെടാൻ(സമരത്തിൽനിന്നു മാറിനിൽക്കാൻ അനുവാദത്തിനുവേണ്ടി)

وَقَعَدَ = (സ്വഭവനങ്ങളിൽ) കുത്തിയിരുന്നു ٱلَّذِينَ كَذَبُوا۟ ٱللَّهَ وَرَسُولَهُۥ = അല്ലാഹുവിനോടും അവന്റെ ദൂതനോടും കള്ളംപറഞ്ഞവ(അക്കൂട്ട)ർ

سَيُصِيبُ = അടുത്ത ഭാവിയിൽ ബാധിക്കും ٱلَّذِينَ كَفَرُوا۟ مِنْهُمْ = അവരിൽ നിഷേധിച്ചവരെ(ധർമധിക്കാരികളെ) عَذَابٌ = ശിക്ഷ

أَلِيمٌ = വേദനയേറിയ لَّيْسَ عَلَى ٱلضُّعَفَآءِ = ബലഹീന(രും)രുടെ മേൽ (സമരത്തിൽ പങ്കെടുക്കാത്തതിൽ)ഇല്ലാത്തതാകുന്നു

وَلَا عَلَى ٱلْمَرْضَىٰ = രോഗികളു(ം)ടെ മേലും ഇല്ല وَلَا عَلَى ٱلَّذِينَ لَا يَجِدُونَ = കണ്ടെത്താത്തവരുടെ മേലും ഇല്ല (വകയില്ലാത്തവരും)

مَا يُنفِقُونَ = (വഴിച്ചെലവിന്) അവർ ചെലവഴിക്കുന്നത് حَرَجٌ = കുറ്റം

إِذَا نَصَحُوا۟ = അവർ ഗുണകാംക്ഷ പുലർത്തിയാൽ (ആത്മാർഥമായ കൂറുള്ളവരാണെങ്കിൽ)

لِلَّهِ وَرَسُولِهِۦ = അല്ലാഹുവിനോടും അവന്റെ ദൂതനോടും

مَا عَلَى ٱلْمُحْسِنِينَ = നന്മചെയ്യുന്നവരുടെ മേൽ ഇല്ല (ഇത്തരം സുകൃതരെ കുറ്റപ്പെടുത്താൻ ഇല്ല)

مِن سَبِيلٍ = വഴിയാൽ(യാതൊരു ന്യായവും) وَٱللَّهُ غَفُورٌ = അല്ലാഹു ഏറെ പൊറുക്കുന്നവനാകുന്നു رَّحِيمٌ = ദയാമയനായ(നുമാകുന്നു)

وَلَا عَلَى ٱلَّذِينَ = യാതൊരു കൂട്ടരുടെ മേലും(കുറ്റം)ഇല്ല إِذَا مَآ أَتَوْكَ = അവർ നിന്റെ അടുത്തുവന്നപ്പോൾ

لِتَحْمِلَهُمْ = നീ അവരെ വഹിപ്പിക്കാൻ(ഞങ്ങൾക്കു വാഹനം തരേണമേ എന്നപേക്ഷിച്ച്) قُلْتَ = നീ പറഞ്ഞു

لَآ أَجِدُ مَآ أَحْمِلُكُمْ عَلَيْهِ = എന്തിന്മേൽ ഞാൻ നിങ്ങളെ വഹിപ്പിക്കുമോ അത് ഞാൻ കാണുന്നില്ല

(നിങ്ങൾക്കു വാഹനമേർപ്പെടുത്താൻ എനിക്കാവില്ലല്ലോ)

تَوَلَّوا۟ = അവർ പിന്മാറി(യവരിലും കുറ്റമില്ല) وَّأَعْيُنُهُمْ = അവരുടെ കണ്ണുകൾ ആയ അവസ്ഥയിൽ تَفِيضُ = വഴിഞ്ഞൊഴുകുന്നു

مِنَ ٱلدَّمْعِ = കണ്ണുനീരിനാൽ حَزَنًا = ദുഃഖത്താൽ

أَلَّا يَجِدُوا۟ مَا يُنفِقُونَ = എന്തെന്നാൽ അവർ ചെലവഴിക്കാൻ കണ്ടെത്തുന്നില്ല

(സ്വന്തംചെലവിൽ സമരത്തിനുപോകാൻ കഴിയാത്തതിൽ)

**88,89:** ക്ലേശകരമായ ധർമസമരങ്ങൾക്കിറങ്ങാൻ ആഹ്വാനമുണ്ടാകുമ്പോൾ പ്രവാചകനെ വഞ്ചിച്ചുകൊണ്ട് അതിൽനിന്നൊഴിഞ്ഞുമാറി നിഷ്ക്രിയരായി വീട്ടിൽ കുത്തിയിരിക്കുന്നത് വലിയ രക്ഷയും നേട്ടവുമായിട്ടാണ് കപടവിശ്വാസികൾ കരുതുന്നത്. യാഥാർഥ്യം നേരെ മറിച്ചാണ്. ഈ നടപടിയിലൂടെ നിന്ദ്യതയും നഷ്ടവും മാത്രമാണവർ നേടുന്നത്. പ്രവാചകനും, അല്ലാഹുവിലും അവന്റെ ദൂതനിലും ആത്മാർഥമായി വിശ്വസിച്ച് ദൈവിക മാർഗത്തിൽ സമ്പത്തും ആരോഗ്യവും മറ്റു കഴിവുകളും നിർലോഭം വിനിയോഗിക്കുന്നവരുമാണ് യഥാർഥത്തിൽ ഐഹികവും പാരത്രികവുമായ എല്ലാ നന്മകളും നേടുന്നവർ. خيرات എന്നാണ് മൂലപദം. خير ന്റെ ബഹുവചനമാണിത്. ഐഹികവും പാരത്രികവുമായ എല്ലാ സൗഭാഗ്യങ്ങളെയും ഉൾക്കൊള്ളുന്ന പദമാണ് خير. ക്ഷണികമായ ഭൗതിക സ്വാർഥങ്ങൾക്കുവേണ്ടി മാത്രം പ്രവർത്തിക്കുകയും ഉത്തരവാദിത്വങ്ങളിൽനിന്ന് ഒഴിഞ്ഞുമാറുകയും ആളുകൾക്കുമുമ്പിൽ നല്ലവരും കേമന്മാരുമായി നടിക്കുകയും ചെയ്യുന്ന കപടന്മാരല്ല ഇഹപര സൗഭാഗ്യങ്ങൾക്കർഹരായിത്തീരുന്നത്. മറിച്ച്, ഈ വിശ്വാസികളാണ് ഇഹത്തിലും പരത്തിലും വിജയം വരിക്കുന്നവർ, അഥവാ കർമസാഫല്യം സിദ്ധിക്കുന്നവർ - ٱلْمُفْلِحُونَ. ചെയ്ത കർമങ്ങളുടെ ഫലസിദ്ധിയാണ് فلاح. കർഷകനെ فلاح എന്നു പറയുന്നു. കൃഷിയുടെ വിളവിനു فلاح എന്നും. നിഷ്കളങ്കമായി വിശ്വസിക്കുകയും ധർമമാർഗത്തിലുള്ള ത്യാഗപരിശ്രമങ്ങളിലൂടെ ആ വിശ്വാസത്തെ സാക്ഷാത്കരിക്കുകയും ചെയ്തവർക്ക് അല്ലാഹു പരലോകത്ത് സുന്ദരവും ആനന്ദകരവുമായ ആരാമങ്ങളും രമ്യഹർമ്യങ്ങളും ഒരുക്കിവെച്ചിട്ടുണ്ട്. ആ സ്വർഗത്തിൽ അവർ അമരന്മാരായി വാഴും. അതാണ് ഏറ്റം മഹത്തായ നേട്ടം - ٱلْفَوْزُ ٱلْعَظِيمُ. വിജയം എന്നുതന്നെയാണ് فوز ന്റെയും സാമാന്യ അർഥം. ഈ അർഥത്തിൽ مفازة എന്നും ഉപയോഗിക്കും. فلاح പ്രയത്നത്തിന്റെ ഫലസിദ്ധിയാണെങ്കിൽ فوز ആപത്തുകളിൽനിന്നു രക്ഷപ്പെടുകയും അതോടൊപ്പം നേട്ടമുണ്ടാവുകയുമാണ്. പ്രവർത്തനം അർഹിക്കുന്നതിലധികമായി ലഭിക്കുന്ന നേട്ടങ്ങളും പുരസ്കാരങ്ങളുംകൂടി فوز-ൽ ഉൾപ്പെടുന്നു. ഇഹലോകത്തെ കർമങ്ങൾക്കുണ്ടാകുന്ന സ്വാഭാവിക ഫലങ്ങൾക്ക് - فلاح - പുറമെ സത്യവിശ്വാസികൾക്കു പരലോകത്തു

ലഭിക്കുന്ന മഹാനേട്ടങ്ങൾ - ٱلْفَوْزُ ٱلْعَظِيمُ - ആണ് നരകമുക്തിയും ശാശ്വത സ്വർഗലബ്ധിയും.

**90:** عذر ന്റെ അർഥം ഈ സൂറയിലെ 66-ാം സൂക്തത്തിനു താഴെ വിവരിച്ചിരിക്കുന്നു. ഇവിടെ معذّرون എന്നു പറഞ്ഞിട്ടുള്ളത് معتذرون (ഒഴികഴിവ് സമർപ്പിക്കുന്നവർ, ക്ഷമാപണം ചെയ്യുന്നവർ) എന്ന അർഥത്തിലാണ്. യഥാർഥത്തിൽ ന്യായമായ ഒഴികഴിവുകളൊന്നുമില്ലാതിരിക്കെ, തങ്ങൾക്ക് ചില ഒഴികഴിവുകളുണ്ട് എന്ന് വാദിക്കുന്നവരെയാണ് معذّرون എന്ന് വ്യവഹരിച്ചിരിക്കുന്നത്. നഗരങ്ങളിൽനിന്നുമാറി ഗ്രാമങ്ങളിലും മരുപ്രദേശങ്ങളിലും വസിക്കുന്ന ബദവികൾ (ബദുക്കൾ) ആണ് أعراب. നഗരവാസികളെ അപേക്ഷിച്ച് പ്രാകൃതരും അജ്ഞരുമാണിവർ. ഇന്നും ബദുക്കളുടെ അവസ്ഥ ഏറക്കുറെ അങ്ങനെ തന്നെയാണ്. മദീനയുടെ പരിസരങ്ങളിൽ ചില ബദവി ഗോത്രങ്ങളുണ്ടായിരുന്നു. മദീനയിൽ ഇസ്‌ലാം സ്വാധീനം നേടിയപ്പോൾ അവരും ഇസ്‌ലാം സ്വീകരിക്കാൻ തയാറായി. അധികമാളുകളും ഇസ്‌ലാമിനെ വേണ്ടവണ്ണം മനസ്സിലാക്കിയിട്ടോ ആദർശ ബോധത്താൽ പ്രേരിതരായിട്ടോ അല്ല അങ്ങനെ ചെയ്തത്. മുസ്‌ലിം സമൂഹത്തിന്റെ ത്വരിതമായ വളർച്ചയും സൈനിക വിജയങ്ങളുമാണ് പലരെയും ആകർഷിച്ചത്. ഇസ്‌ലാമുമായി ചേർന്നുനിന്നാൽ തങ്ങൾക്ക് സുരക്ഷിതത്വമുണ്ടാകുമെന്നും മുസ്‌ലിംകളിൽനിന്ന് കാര്യമായ ആനുകൂല്യങ്ങൾ ലഭിക്കുമെന്നും മരണാനന്തരം സ്വർഗം കിട്ടുമെന്നും അവർ പ്രതീക്ഷിച്ചു. ചിലർ പ്രവാചകനോട് വന്ന് ചോദിക്കും: "ഹേ മുഹമ്മദേ, സ്വർഗത്തിൽ പോകാൻ ഞാൻ എന്തുചെയ്യണം?" നബി ആഗതന്റെ നിലവാരമനുസരിച്ച് മറുപടി പറയും: "ലാ ഇലാഹ ഇല്ലല്ലാഹ് എന്നു പറയണം. പിന്നെ അഞ്ചുനേരം നമസ്കരിക്കണം." "ശരി, അതു ഞാൻ ചെയ്യാം. അതിലപ്പുറമൊന്നും ചെയ്യില്ല കെട്ടോ" എന്നു പറഞ്ഞായിരിക്കും ചിലർ പിരിഞ്ഞുപോവുക. ചിലരോട് പ്രവാചകൻ സകാത്തിനെയും നോമ്പിനെയും കുറിച്ചുകൂടി പറയും. മറ്റു ചിലർക്ക് വേറെയും ധാർമിക പാഠങ്ങൾ നൽകും. ഹദീസ് ഗ്രന്ഥങ്ങളിൽ ഇത്തരം ധാരാളം സംഭവങ്ങൾ ഉദ്ധരിക്കുന്നുണ്ട്. ഇങ്ങനെ വന്നു വിശ്വസിച്ചുപോകുന്ന പലരും തങ്ങളുടെ ജാഹിലിയ്യാ ജീവിത രീതികളിലും ചിന്താഗതികളിലും കാര്യമായ മാറ്റമൊന്നും വരുത്തിയില്ല. ഇതെക്കുറിച്ച് സൂറ *അൽഹുജുറാത്ത്* 14-ാം സൂക്തത്തിൽ പറയുന്നു:

۞قَالَتِ ٱلْأَعْرَابُ ءَامَنَّا ۖ قُل لَّمْ تُؤْمِنُوا۟ وَلَـٰكِن قُولُوٓا۟ أَسْلَمْنَا وَلَمَّا يَدْخُلِ ٱلْإِيمَـٰنُ فِى قُلُوبِكُمْ ۖ

(ബദവികൾ പറയുന്നു, ഞങ്ങൾ വിശ്വസിച്ചിരിക്കുന്നുവെന്ന്. പ്രവാചകൻ അവരോട് പറയുക: നിങ്ങൾ വിശ്വസിച്ചിട്ടില്ല. എന്നാൽ ഞങ്ങൾ മുസ്‌ലിംകളായിരിക്കുന്നു (അനുസരിച്ചിരിക്കുന്നു) എന്ന് നിങ്ങൾ പറഞ്ഞുകൊള്ളുക. സത്യവിശ്വാസം ഇനിയും നിങ്ങളുടെ ഹൃദയങ്ങളിൽ കടന്നിട്ടില്ല.)

ഇവിടെ മദീനയിലെ കപടവിശ്വാസികളെക്കുറിച്ചു സംസാരിച്ചതിനോടനുബന്ധിച്ച് പരിസര ഗ്രാമങ്ങളിലുള്ള കപട വിശ്വാസികളെക്കൂടി പരാമർശിക്കുകയാണ്. അവരും സമരയാത്രയിൽനിന്നു മാറിനിൽക്കാൻ ഉന്നയിച്ച ഒഴികഴിവുകൾ വ്യാജമായിരുന്നു. അല്ലാഹുവിനോടും അവന്റെ ദൂതനോടും കള്ളം പറഞ്ഞ് വീട്ടിൽ കുത്തിയിരിക്കുകയാണവർ ചെയ്തത്. അവർ പറഞ്ഞ കള്ളംകൊണ്ടുദ്ദേശ്യം അവരുടെ സത്യവിശ്വാസ വാദമാകാം; സമരത്തിൽനിന്നു മാറിനിൽക്കാൻ പ്രവാചകന്റെ മുന്നിൽ സമർപ്പിച്ച ഒഴികഴിവുകളുമാകാം. രണ്ടും ഒരുമിച്ചും ഉദ്ദേശ്യമാകാവുന്നതാണ്. ദീനീ വിഷയത്തിൽ പ്രവാചകനോട് കള്ളംപറയുന്നത് അല്ലാഹുവിനോട് കള്ളംപറയുന്നതുപോലെ തന്നെയാണ്.

ഇത്തരം ബദവികൾ തങ്ങളുടെ നിലപാടിൽ പശ്ചാത്തപിക്കുന്നില്ലെങ്കിൽ തികഞ്ഞ ധർമനിഷേധികൾ തന്നെയാകുന്നു. ഇഹത്തിലും പരത്തിലും അവർക്ക് കടുത്ത ശിക്ഷയനുഭവിക്കേണ്ടിവരികതന്നെചെയ്യും. അവരുടെ കുറ്റകൃത്യങ്ങളുടെ പേരിൽ ഇസ്‌ലാമിക സമൂഹം നൽകുന്ന ശിക്ഷയാണ് ഇഹത്തിലെ ശിക്ഷ. മരണാനന്തരം അനുഭവിക്കേണ്ടിവരുന്ന നിത്യ നരകം പാരത്രിക ശിക്ഷയും.

**91,92:** മുൻ സൂക്തങ്ങളിൽ, കൃത്രിമമായ കാരണങ്ങൾ നിരത്തി സമരത്തിൽനിന്ന് ഒഴിഞ്ഞുമാറിയവരെ കുറ്റപ്പെടുത്തിയതിനോടനുബന്ധിച്ച് ന്യായമായ കാരണങ്ങളാൽ മാറിനിന്നവർ കുറ്റമുക്തരാണെന്നും അവർ ആരൊക്കെയാണെന്നും വ്യക്തമാക്കിയിരിക്കുകയാണ് ഈ സൂക്തത്തിൽ. ഒപ്പം, വ്യാജമായ കാരണങ്ങൾ പറഞ്ഞ് മാറിനിന്ന കപടന്മാരുടെയും യഥാർഥ കാരണങ്ങളാൽ മാറിനിൽക്കാൻ നിർബന്ധിതരായ സാത്വികരുടെയും നിലപാടുകൾ തമ്മിലുള്ള അന്തരവും ചൂണ്ടിക്കാണിച്ചിരിക്കുന്നു.

ضعفاء (ബലഹീനർ) ആണ് ന്യായമായ കാരണങ്ങളുള്ളവരിൽ ഒന്നാമത്തെ വിഭാഗം. സമര പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിവില്ലാത്തവരാണ് ഇതുകൊണ്ടുദ്ദേശ്യം. അവശരായ വയോധികരും ശരീരക്ഷമത കൈവരിച്ചിട്ടില്ലാത്ത കുട്ടികളും അബലകളായ സ്ത്രീകളും ഇക്കൂട്ടത്തിൽ പെടുന്നു. مرضى (രോഗികൾ) ആണ് രണ്ടാമത്തെ വിഭാഗം. താൽക്കാലികമോ സ്ഥിരമോ ആയ രോഗങ്ങൾ ബാധിച്ചവരും അന്ധത, ബധിരത തുടങ്ങിയ ന്യൂനതകളുള്ളവരും, കൈകാലുകൾ പോലുള്ള മുഖ്യ ശരീരാവയവങ്ങൾക്ക് വൈകല്യമുള്ളവരും രോഗികളിൽ പെടുന്നു. കഴിവുള്ളവർ ധർമസമരത്തിലേർപ്പെടേണ്ടത് സ്വന്തംചെലവിലാണ്. കഴിവില്ലാത്തവർക്ക് സമൂഹ നേതൃത്വം ചെലവ് നൽകണം. യാത്രക്കാവശ്യമായ ചെലവുകൾക്കുള്ള വക യാതൊരു വിധത്തിലും ലഭിക്കാത്തവർ സമരത്തിൽനിന്ന് ഒഴിഞ്ഞുനിൽക്കാൻ ന്യായമായ കാരണമുള്ളവരാണ്. ഇങ്ങനെ ശാരീരികവും സാമ്പത്തികവുമായ അവശതകൾമൂലം മാറിനിൽക്കുന്നവർ അല്ലാഹുവിനോടും റസൂലിനോടും (ദീനുൽ ഇസ്‌ലാമിനോട്) ആത്മാർഥമായ കൂറുള്ളവരായിരിക്കണമെന്ന് നിബന്ധനയുണ്ട്. അതായത് അവശതകൊണ്ടാണെങ്കിലും സമരത്തിൽനിന്ന് ഒഴിഞ്ഞുനിൽക്കാനായല്ലോ എന്ന് സന്തോഷിക്കുന്നവരാവരുത്. അതിൽ പങ്കെടുക്കാൻ കഴിഞ്ഞില്ലല്ലോ എന്ന് ഖേദിക്കുന്നവരാവണം. തങ്ങൾക്ക് പങ്കെടുക്കാനായില്ലെങ്കിലും ആസന്നമായ വിപത്തുകളിൽനിന്ന് ഇസ്‌ലാമിക സമൂഹം രക്ഷപ്പെടേണമേ എന്നും അവരേറ്റെടുത്ത ധർമസമരങ്ങൾ വിജയിക്കേണമേ എന്നും പ്രാർഥിക്കുകയും വേണം. إِذَا نَصَحُوا۟ എന്നാണ് മൂലവാക്ക്. نصح എന്ന മൂലത്തിൽനിന്നുള്ള ക്രിയയാണത്. ഗുണകാംക്ഷ, സ്നേഹമസൃണമായ സദുപദേശം ആത്മാർഥമായ കൂറ് എന്നീ ആശയങ്ങളെയെല്ലാം അതു വഹിക്കുന്നു. التوبة النصوحة ആത്മാർഥമായ പശ്ചാത്താപമാണ്. ഗുണകാംക്ഷക്കും ഗുണകാംക്ഷയോടെയുള്ള ഉപദേശത്തിനും نصيحة എന്നു പറയും. കൂറും ഗുണകാംക്ഷയുമുള്ള ഉപദേശിയാണ് ناصح.

അല്ലാഹുവിനോടും റസൂലിനോടും ആത്മാർഥമായ കൂറുള്ളവർ ന്യായമായ കാരണങ്ങളാൽ സമരസംരംഭങ്ങളിലൊന്നും പങ്കെടുത്തിട്ടില്ലെങ്കിലും സാത്വികരാണ്. محسنين എന്നാണ് മൂലപദം. എല്ലാ നിലയിലുമുള്ള നന്മകളെ ഉൾക്കൊള്ളുന്ന പദമായ حسن ൽനിന്നുള്ള കർതൃ ബഹുവചനമാണിത്. മനസാ വാചാ കർമണാ നല്ലവരായവരാണ് പൊതുവിൽ محسنون എന്ന് വിശേഷി

പ്പിക്കപ്പെടുക. സൽസ്വഭാവത്തിന് حُسن الخلق എന്നും, മുഖസൗന്ദര്യത്തിന് حسن الوجه എന്നും പറയും. നല്ലകാര്യം ശരിയായ വിധത്തിൽ ചെയ്യുമ്പോൾ അത് إحسان ആകുന്നു. നല്ലകാര്യം നല്ല നിലയിൽ ചെയ്തതിനെ അനുമോദിച്ചുകൊണ്ട് ഇംഗ്ലീഷിൽ well done എന്നു പറയുന്നതിനു പകരം അറബിയിൽ أحسنت എന്നു പറയുന്നു. ശരിയായ കാരണംകൊണ്ട് സമരത്തിൽ പങ്കെടുക്കാൻ കഴിയാതെ പോയ സാത്വികരെ കുറ്റപ്പെടുത്താൻ യാതൊരു ന്യായവുമില്ല من سبيل എന്നാണ് മൂലപദം. سبيل ന്റെ ഭാഷാർഥം വഴി, ഉപാധി, മാധ്യമം എന്നൊക്കെയാണ്. കുറ്റാരോപണത്തിലേക്കെത്തിക്കുന്ന വഴി എന്ന അടിസ്ഥാനത്തിൽ ന്യായം, കാരണം തുടങ്ങിയ പ്രയോഗാർഥങ്ങളുമുണ്ട്. മുഹ്സിനുകളോട് ഏറെ പൊറുക്കുന്ന ദയാപരനാണ് അല്ലാഹു.

ആരോഗ്യവും ആയുധവുമൊക്കെ ഉണ്ടെങ്കിലും അങ്കലെയുള്ള സമരമുന്നണിയിലെത്താൻ വാഹനസൗകര്യമില്ലാത്തതിനാൽ ധർമസമരത്തിൽനിന്നു പിന്മാറേണ്ടിവന്നവരും കുറ്റക്കാരാകുന്നില്ല. വാഹന ദൗർലഭ്യം സമരത്തിൽനിന്നു മാറിനിൽക്കാൻ ഒരു പഴുതായെടുത്തവരെക്കുറിച്ചല്ല പറയുന്നത്, വാഹനം ലഭ്യമാക്കാൻ ശ്രമിച്ചിട്ട് പരാജയപ്പെട്ടവരെക്കുറിച്ചാണ്. അവർ പ്രവാചകനെ സമീപിച്ച് വാഹനത്തിനപേക്ഷിച്ചിരുന്നു. പക്ഷേ അവരുടെ ആവശ്യം നിവർത്തിച്ചുകൊടുക്കാൻ പ്രവാചകനു സാധിച്ചില്ല. അതിനാൽ സമരത്തിൽ പങ്കെടുക്കാൻ അങ്ങേയറ്റത്തെ ആഗ്രഹവും ആവേശവുമുണ്ടായിട്ടും അവർക്ക് പിന്മാറേണ്ടിവന്നു. അതിലവർക്ക് അടക്കാനാവാത്ത ദുഖമുണ്ടായിരുന്നു. സമരയാത്രക്കാവശ്യമായ വിഭവങ്ങൾ ഒരുവിധത്തിലും സമാഹരിക്കാനായില്ലല്ലോ എന്നോർത്ത് കരഞ്ഞ് കണ്ണീരൊഴുക്കിക്കൊണ്ടാണവർ പിന്മാറിയത്. ഈ ദുഃഖവും വിലാപവും അവരുടെ കൂറിന്റെയും ഈമാനികാവേശത്തിന്റെയും ലക്ഷണമാണ്. കൃത്രിമ കാരണങ്ങൾ കാണിച്ച് ഒഴിഞ്ഞുമാറിയ കപടന്മാരിൽനിന്ന് അവരെ വേർതിരിക്കുന്നത് ഈ ലക്ഷണമാണ്. وَلَا عَلَى الَّذِينَ لَا يَجِدُونَ مَا يُنفِقُونَ എന്ന വാക്യത്തിന്റെ വിവക്ഷയിൽ ഉൾപ്പെടുന്നവരാണ്, وَلَا عَلَى الَّذِينَ إِذَا مَا أَتَوْكَ لِتَحْمِلَهُمْ എന്ന വാക്യത്തിൽ വിവക്ഷിക്കപ്പെടുന്നവരും. ന്യായമായ കാരണങ്ങളാൽ സമരത്തിൽനിന്ന് മാറിനിൽക്കേണ്ടി വന്നവരുടെയും കപടതന്ത്രങ്ങളുപയോഗിച്ച് ഊരിച്ചാടിയവരുടെയും നിലപാടുകൾ തമ്മിലുള്ള അന്തരം വ്യക്തമാക്കുന്നതിനുവേണ്ടിയാണ് അവരെ പ്രത്യേകം എടുത്തു പറഞ്ഞത്. കപടന്മാർ സമരത്തിൽനിന്ന് മാറിനിൽക്കാൻ കഴിഞ്ഞതിൽ നിഗളിക്കുന്നു. ആദർശ വീര്യവും ആവേശവുമില്ലാത്ത ദുർബല വിശ്വാസികൾ തങ്ങളുടെ കൈവശം വാഹനമോ ആയുധമോ പാഥേയമോ ഇല്ലാത്തതിനാൽ അല്ലാഹുതന്നെ തങ്ങളെ സമര ബാധ്യതയിൽനിന്ന് ഒഴിവാക്കിയിരിക്കുന്നു എന്നു കരുതി നിഷ്ക്രിയരും നിസ്സംഗരുമായി കുത്തിയിരിക്കുന്നു. ന്യായമായ കാരണങ്ങളാൽ പിന്മാറേണ്ടിവന്ന കൂറുള്ള വിശ്വാസികളുടെ അവസ്ഥ ഇതല്ല. സമരത്തിൽ പങ്കെടുക്കാൻ ഹൃദയം തുടിക്കുന്നവരാണവർ. കഴിവിൽപെട്ട എല്ലാ ശ്രമങ്ങളും അതിനുവേണ്ടി അവർ നടത്തിനോക്കുകയും ചെയ്തു. എല്ലാം പരാജയപ്പെട്ടപ്പോഴും പിന്മാറിയത് കഠിനമായ ഹൃദയഭാരത്തോടെയും നിറഞ്ഞൊഴുകുന്ന കണ്ണുകളോടെയുമാണ്.

പ്രവാചകനോട് വാഹനമാവശ്യപ്പെട്ടിട്ട് കിട്ടാതെ നിരാശരായി തബൂക്ക്‌യാത്രയിൽനിന്ന് പിന്മാറേണ്ടിവന്ന നിരവധി സ്വഹാബികളുടെ പേരുകൾ നിവേദനങ്ങൾ ഉദ്ധരിക്കുന്നുണ്ട്. ബനൂഅംറിൽപെട്ട സാലിമ്ബ്നു ഉമൈർ, ബനൂവാഖിനിൽപെട്ട ഹുർമിയ്യ്ബ്നു അംറ്, മാസിൻ ഗോത്രജൻ അബ്ദുർറഹ്മാനുബ്നു കഅബ്, ബനുൽമുഅ്‌ലയിൽപെട്ട സൽമാനുബ്നു സ്വഖ്റ്, ഹാരിസ ഗോത്രക്കാരായ അബ്ദുർറഹ്മാനിബ്നു സൈദ്, ഉലയ്യതുബ്നി സൈദ്, ബനൂസലമക്കാരായ അംറുബ്നു ഗുൽമ, അബ്ദുല്ലാഹിബ്നു അംറുൽ മുസ്നി, മുസൽന ഗോത്രജൻ അബ്ദുല്ലാഹിബ്നു ഗഫ്ഫാൽ, ഫസാര ഗോത്രജൻ ഇർബാദുബ്നു സാരിയ എന്നിവർ അവരിൽ ചിലരാണ്. ഇക്കൂട്ടരാണ് പിൽക്കാലത്ത് البكاؤون (വിലപിക്കുന്നവർ) എന്നറിയപ്പെട്ടത്. തബൂക്കിൽ നിന്ന് മടങ്ങുമ്പോൾ ഇവരെക്കുറിച്ച് നബി(സ) പ്രസ്താവിച്ചതായി ഇമാം അബ്ദുർറസാഖ്, അഹ്മദ്, ബുഖാരി തുടങ്ങിയവർ ഉദ്ധരിക്കുന്നു: "നിങ്ങൾ മദീനയിൽ കുറെയാളുകളെ അവശേഷിപ്പിച്ചിട്ടുണ്ട്. നിങ്ങൾ ഒരു നടത്തവും നടക്കുന്നില്ല, ഒരു ചെലവും ചെലവഴിക്കുന്നില്ല, ഒരു താഴ്‌വരയും താണ്ടുന്നില്ല, അതിലൊക്കെ അവർ നിങ്ങളോടൊപ്പമുണ്ടായിട്ടല്ലാതെ." സ്വഹാബത്ത് ചോദിച്ചു: "അവർ മദീനയിലാണെന്നിരിക്കെ ഞങ്ങളോടൊപ്പമുണ്ടാകുന്നതെങ്ങനെയാണ് തിരുദൂതരേ?" തിരുമേനി പ്രതിവചിച്ചു: "ന്യായമായ കാരണങ്ങൾ അവരെ തടയുകയായിരുന്നു." കൂറുള്ള രോഗികളെക്കുറിച്ച് പ്രവാചകൻ പ്രസ്താവിച്ചതായി മുസ്‌ലിമും അഹ്മദും ഉദ്ധരിക്കുന്നു: "നിങ്ങൾ മദീനയിൽ കുറേപേരെ പുറകിലാക്കിയിരിക്കുന്നു. നിങ്ങൾ ഒരു താഴ്‌വരയും താണ്ടുന്നില്ല, ഒരു വഴിയും പിന്നിടുന്നില്ല, പുണ്യത്തിൽ അവർ നിങ്ങളുടെ പങ്കാളികളായിട്ടല്ലാതെ. രോഗം അവരെ തടയുകയായിരുന്നു." ■

## തിരുത്ത്

വാരിക ലക്കം 65/30 (2009 ജനുവരി 10)-ലെ *ഖുർആൻ ബോധന*ത്തിൽ *അത്തൗബ* 74-ാം സൂക്തത്തിന്റെ തർജമയിൽ 'തങ്ങൾക്ക് സാധ്യമായ ചിലത്' എന്നച്ചടിച്ചത് 'തങ്ങൾക്ക് അസാധ്യമായ ചിലത്' എന്നു തിരുത്തി വായിക്കാനപേക്ഷ. പിശകുപറ്റിയതിൽ ഖേദിക്കുന്നു.

പ്ര. പ.